# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **3968**. **16-05-2017 ൽ മറുപടിയ്ക്ക്**

## നെൽകൃഷിയോടുള്ള താൽപ്പര്യം സംരക്ഷിക്കാൻ നടപടി

**ചോദ്യം**
ശ്രീ.ഇ.പി.ജയരാജൻ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൃഷി വകുപ്പിന്റെ ഏറ്റവും പുതിയ സ്ഥിതി വിവരക്കണക്കുപ്രകാരം സംസ്ഥാനത്തെ നിലവിലെ നെൽവയൽ വിസ്തൃതി എത്രയാണ്; | (എ) | ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ 2016-17 ലെ സ്ഥിതി വിവരക്കണക്ക് പ്രസിദ്ധീകരിച്ചിട്ടില്ല. 2016-2017-ലെ കൃഷി വകുപ്പിന്റെ കണക്കുപ്രകാരം ഏകദേശം 202525.028 ഹെക്ടർ സ്ഥലത്താണ് നിലവിൽ നെൽകൃഷി ഉണ്ടെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നത്. (എസ്റ്റിമേറ്റഡ്). |
| (ബി) | ഈ സ്ഥിതി വിവരക്കണക്ക പ്രകാരം ഓരോ ജില്ലയിലെയും നെൽവയൽ വിസ്തൃതി എത്രയാണ്; | (ബി) | (see table below) |
| (സി) | നെൽവയൽ വിസ്തൃതി ഇനിയും കറയാതിരിക്കുവാൻ ഇപ്പോൾ | (സി) | സംസ്ഥാനത്തെ നെൽകൃഷി വികസനത്തിനായി 2017-18 വർഷം 7000 ലക്ഷം രൂപയുടെ |

| ജില്ല | നെൽവയൽ വിസ്തൃതി (ഹെക്ടറിൽ) |
|---|---|
| തിരുവനന്തപുരം | 2171.125 |
| കൊല്ലം | 2326.63 |
| പത്തനംതിട്ട | 3693 |
| ആലപ്പുഴ | 44253 |
| കോട്ടയം | 16442.45 |
| ഇടുക്കി | 894.966 |
| എറണാകുളം | 4559.495 |
| തൃശ്ശൂർ | 21425.33 |
| പാലക്കാട് | 77944.647 |
| മലപ്പുറം | 7184.46 |
| കോഴിക്കോട് | 4063.24 |
| വയനാട് | 8478.816 |
| കണ്ണൂർ | 4870.179 |
| കാസർകോട് | 4217.69 |
| ആകെ വിസ്തൃതി | 202525.028 ഹെക്ടർ |

| | | | |
|---|---|---|---|
| | നടപ്പിലാക്കി വരുന്ന നെൽകർഷക ക്ഷേമ പദ്ധതികളും നെൽവയൽ സംരക്ഷണ പദ്ധതികളും എന്തെല്ലാമാണ്; | | താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:-<br>1.സുസ്ഥിര നെൽകൃഷി വികസനം<br>2. വികസന ഏജൻസികൾക്കുള്ള ഫണ്ട്<br>3.പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം<br>4.പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി<br>5. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008- ഡാറ്റാ ബാങ്ക് വാലിഡേഷൻ<br>6.കരനെൽകൃഷി വികസനം<br>7.തരിശുനിലങ്ങളിൽ നെൽകൃഷി<br>8.തരിശുനില നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചായത്ത് തല അവാർഡ്<br>9.ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിലേയ്ക്കായുള്ള ധനസഹായം<br>10.നഗരപ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രോജക്ടടിസ്ഥാനത്തിലുള്ള നെൽകൃഷി വികസനത്തിനുള്ള ധനസഹായം<br>11.നെൽവർഷത്തോടനുബന്ധിച്ച് നെൽകൃഷിയിൽ നൂതനാശയങ്ങൾ നടപ്പിലാക്കുന്നതിനുള്ള ധനസഹായം<br>12.പദ്ധതി പ്രവർത്തനത്തിനായുള്ള ധനസഹായം<br>13. രജിസ്റ്റേഡ് വിത്തുല്പാദന പദ്ധതി.<br>14.ബ്ലോക്ക് തലത്തിലുള്ള സംയോജനത്തിനായി പദ്ധതി അധിഷ്ഠിത സഹായം.<br>15.നെല്ല് പ്രാദേശികമായി സംസ്കരണം നടത്തുന്നതിന് റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് പദ്ധതി. |
| (ഡി) | നെല്ലുൽപാദനം കൂടുതൽ വർദ്ധിപ്പിക്കുവാനും കർഷകർക്ക് നെൽകൃഷിയിലുള്ള താൽപ്പര്യം വർദ്ധിക്കുന്നതിന് പരമാവധി സഹായങ്ങൾ ലഭ്യമാക്കുവാനും നെൽകർഷകർക്കു മാത്രമായി ഒരു ഏകജാലക കർഷക സൗഹൃദ സംവിധാനം രൂപപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | കൃഷിഭവൻ തലത്തിൽ നെൽകർഷകർക്ക് മാത്രമായി ഒരു ഏകജാലക കർഷക സൗഹൃദ സംവിധാനം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ